# ബാലോത്സവജാഥ

---

# സ്ക്രിപ്ററുകൾ

---

ചങ്ങലക്കണ്ണി

---

അബുഹസനും ഭാര്യയും

---

പൊട്ടക്കിണററിലെ തവള

---

യുറീക്കാ

---

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ബാലോത്സവജാഥ
(സ്ക്രിപ്റ്റുകൾ)
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
1986 ജൂലായ്
പ്രസാധനം, വിതരണം
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
അച്ചടി
തോപ്പിൽ പ്രിൻേറഴ്സ്, തിരുവനന്തപുരം
വില ഒരു രൂപ

KSSP PAM D/8 1/5000

# 1

## ചങ്ങലക്കണ്ണി

### രംഗം ഒന്ന്

മുയലിനെ എഴുന്നള്ളിച്ചുകൊണ്ട് സസ്യഭുക്കുകളായ മൃഗങ്ങൾ മുദ്രാവാക്യത്തോടെവരുന്നു. ചത്തുപോയ്, ചത്തുപോയ്, സിംഹരാജൻ ചത്തുപോയ്. മുയൽ നമ്മുടെ രാജാവ്. മാംസഭുക്കുകൾ നശിക്കട്ടെ. സസ്യഭുക്കുകൾ ഒന്നിച്ചൊന്നായി അലറുന്നു. നിർത്തു നിങ്ങളുടെ വിളയാട്ടം. മാംസഭുക്കുകൾ മുർദ്ദാബാദ്, സസ്യഭുക്കുകൾ സിന്ദാബാദ്,

ആന: (ചിന്നംവിളി) സസ്യഭുക്കുകളായ എല്ലാമൃഗങ്ങളും ശാന്തരായി ഇരിക്കണം. നമ്മുടെ രക്ഷകനും ബുദ്ധിമാനുമായ ചാക്കുണ്ണിമുയൽ മാംസഭുക്കുകളുടെ ദുർഭരണത്തിൽ നിന്ന് നമ്മെ രക്ഷപ്പെടുത്തിയ സുദിനമാണ് ഇന്ന്. ഇന്നലെവരെ നമ്മളിലോരോരുത്തരായി സിംഹരാജൻെറ മുന്നിൽ ഭക്ഷണമായി ചെല്ലുകയായിരുന്നു. എന്നാൽ നമ്മുടെ എല്ലാം പ്രിയനായ ഇദ്ദേഹം ഈ കാട്ടിൽ മറെറാരു രാജാവ് ഉണ്ട് എന്ന് തെററിധരിപ്പിച്ച് ക്രൂരനായ സിംഹത്തെ സൂത്രത്തിൽ ഒരു കുണ്ടൻ കിണററിൽ ചാടിച്ചുകൊന്നു. വെള്ളത്തിലെ നിഴൽ കാണിച്ച് ക്രൂരനായ സിംഹത്തെ വീഴ്ത്തിയ ചാക്കുണ്ണിമുയലിൻെറ ബുദ്ധിയോർത്ത് ജന്തുസ്ഥാനിലെ മാംസഭുക്കുകളാകെ ഭയന്നിരിക്കയാണ്. ഇനി നമ്മളോട് പുതിയ രാജാവ് ചാക്കുണ്ണിമുയൽ സംസാരിക്കും.

മുയൽ: ജന്തുസ്ഥാനിലെ മൃഗപൗരൻമാരെ, ഈ കാട്ടിൽ മാംസഭുക്കുകളും സസ്യഭുക്കുകളും ഉണ്ട്. പക്ഷേ സസ്യഭുക്കുകളുടെ ജീവനും സ്വത്തിനും ഒരു വിലയും ഇല്ലേ? ഈ കാട്ടിലെ മാംസഭുക്കുകൾ ഒന്ന് ഓർക്കുന്നതുകൊള്ളാം. ഇനി മേലിൽ ഈ കാട്ടിലെ ഏതെങ്കിലും സസ്യഭുക്കിനെ നിങ്ങൾ തൊട്ടതായി കേട്ടാൽ ഒന്നിനു നൂറായി തിരിച്ചടിക്കും. പുതിയ രാജാവായി എന്നെ തെരഞ്ഞെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. ഈ വേളയിൽ നാം പ്രഖ്യാപിക്കട്ടെ ജന്തുസ്ഥാനിൽ മൃഗഹത്യ നിരോധിച്ചിരിക്കുന്നു.

മൃഗരാജാവ് നീണാൾ വാഴട്ടെ. മുയൽ രാജാവും കൂട്ടരും പോകുന്നു, കാടിൻെറ മറെറാരു വശത്ത് സസ്യഭുക്കായ ഒരു മൃഗം വിളംബരം ചെയ്യുന്നു.

ജന്തുസ്ഥാനിലെ സകലമാന മൃഗങ്ങളുടേയും അറിവിലേക്കായി നമ്മുടെ പുതിയ രാജാവ് ചാകുണ്ണി മുയൽ അറിയിക്കുന്നതെന്തെന്നാൽ? ഇന്നുമുതൽ ജന്തുസ്ഥാനിൽ മൃഗഹത്യ നിരോധിച്ചിരിക്കുന്നു.

കുറുക്കൻ: ഈ നിയമത്തിലെന്തോ തകരാറില്ലേ?

കൂമൻ: സസ്യഭുക്കുകളുടെ ഒരു വാദംശരിയല്ല. നാം അത്രക്കൊക്കെ ക്രൂരൻമാരാണോ?

നരി: ഞാനിതുവരെ ഒരു മൃഗത്തിനേയും അനാവശ്യമായി കൊന്നിട്ടില്ല. അത് ഞങ്ങളുടെ സ്വഭാവമേ അല്ല. വിശക്കുമ്പോൾ തിന്നുന്നത് നമ്മുടെ അവകാശമല്ലേ?

കുറുക്കൻ: ഗതികെട്ടാൽ പുലി പുല്ലുതിന്നുമെന്നൊക്കെ പറയാമെന്നല്ലാതെ തിന്നാൻ പററുമോ.

നരി: ഇവിടെ ഇനി അധികനാൾ കഴിയാനൊക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

കൂമൻ: മാംസഭുക്കുകൾ കൂട്ടത്തോടെ ഇവിടം വിട്ടുകൊണ്ടിരിക്കയാണ്. ഇന്നു രാവിലെ നമ്മുടെ കടുവാചേട്ടനും

മക്കളും ഒളിച്ചോടുന്നത് അത്തിമരത്തിലിരുന്ന് ഞാൻ കണ്ടു.

കുറുക്കൻ: ദൈവമേ! ഉച്ഛിഷ്ടം കിട്ടാതെ തെണ്ടിപോകുമോ ആവോ?

പോത്ത്: എന്താടാ ഇവിടെ ഒരു ഗൂഢാലോചന ഉം. ഉം. ഉം. ഓടിനെടാ! അവൻമാരുടെ ഒരു ........... പോയി വല്ല പുല്ലുംതിന്ന് ജീവിക്കിനെടാ.

പോത്ത് പോകുന്നു. (കർട്ടൻവീഴുന്നു).

## രംഗം രണ്ട്

അനൗൺസർ

മുയൽ രാജാവിന്റെ ഭരണത്തിൻ കീഴിൽ പുതിയ നിയമം കർശനമായി പാലിക്കപ്പെടുന്നു. വളരെ വർഷങ്ങൾക്കുശേഷം ഒരു ദിവസം.

ചിമ്പൻ: അയ്യോ! എന്തുപററി ഈ കാടിന്, എന്തൊരു ദുർഗന്ധം എങ്ങും ചത്തുചീഞ്ഞ സസ്യഭുക്കുകൾ മാത്രം. ഇവയെതിന്നാൻ ഒരൊററ കുറുക്കൻമാരും ഈ കാട്ടിൽ ഇല്ലന്നോ? പണ്ട് ഇവിടെ ഉണ്ടായിരുന്ന കഴുകൻമാർ ഒക്കെ എവിടെപ്പോയി? അല്ലാ! ഒരു കാര്യം ഇപ്പോഴാണ് ശ്രദ്ധിച്ചത്. ഈ കാട്ടിൽ ഒരൊററ മാംസഭുക്കിനേയും ഇതുവരെ കണ്ടില്ലല്ലോ.

കേഴപ്പൻ: ഇന്ന് എനിക്ക് രണ്ടിലൊന്നറിയണം; ഇതെന്ത് ഭരണം.

ചിമ്പൻ: അല്ല! ഇതാര് കേഴപ്പനോ? കണ്ടിട്ടറിഞ്ഞില്ലല്ലോ വല്ലാതെ മെലിഞ്ഞു പോയല്ലോ.

കേഴപ്പൻ: തിന്നാനൊന്നുമില്ലെങ്കിൽ പിന്നെ മെലിയാതിരിക്കുമോ?

ചിമ്പൻ: താൻ ക്ഷോഭിക്കാതെ കാര്യം പറ.

കേഴപ്പൻ: തനിക്കിവിടത്തെ വല്ലകാര്യവും അറിയുമോ? ഊരുചുററലല്ലേപണി പട്ടിണികിടക്കുന്ന കുട്ടികൾക്ക്

കൊട്ടക്കാൻ കാട്ടുമുഴവൻ തെണ്ടിയിട്ടാ രണ്ടുപിടി പുല്ല് കിട്ടിയത്. അത് ഇന്നലെ രാത്രി ആരോ കട്ടു കൊണ്ടുപോയി

ചിമ്പൻ: അതുശരിയാ ഈ കാട്ടിൽ പുല്ലുപോലുമില്ലല്ലോ.

കേഴപ്പൻ: എങ്ങനെ. ഉണ്ടാകാനാ– ഉള്ളത് മുഴവൻ ആ മാനപ്പന്മാരു് തിന്നു് തീർത്തില്ലേ?അവററകള് ഒന്നും പത്തുമൊന്നുമായിരുന്നില്ലല്ലോ, ആയിരക്കണക്കിനപ്പെററു കൂട്ടിയിരുന്നതു്. ഓ. ആ സിംഹരാജൻ ഉണ്ടായിരുന്നെങ്കിൽ കുറെയെണ്ണത്തിനെയെങ്കിലും അവൻ തിന്നിരുന്നേനെ.

ചിമ്പൻ: ആട്ടെ, നീയെങ്ങടാ പോകുന്നതു്.

കേളപ്പൻ: ചാകണ്ണിരാജാവിനെ കണ്ടിട്ടുതന്നെ കാര്യം
(കൊമ്പൻ വരുന്നു)

ചിമ്പൻ: ആരിത്? കൊമ്പൻചേട്ടനോ........?

കൊമ്പൻ ശ് ശ് ചതിക്കല്ലെ....ഞാനെങ്കിലും ഒന്നു രക്ഷപ്പെടട്ടെ.

ചിമ്പൻ: എന്നെ മനസ്സിലായില്ലെ? ഞാൻ ചിമ്പനാണ്.

കൊമ്പൻ: ഏതായാലും ഇവിടെ നിൽക്കണ്ട. അതു് അപകടമാണ്. കൊട്ടാരത്തിൽ കുഴപ്പം.

ചിമ്പൻ: എന്താകാര്യം.

കൊമ്പൻ: ഒന്നും പറയണ്ട ചങ്ങാതി. ജന്തുക്കളൊക്കെ കോപിച്ചിരിക്കുകയാണ്. അവരിന്നു് കൊട്ടാരം വളയുന്നു.

## രംഗം മൂന്ന്

മുയൽരാജാവിൻെറ മുന്നിൽ മൃഗങ്ങളുടെ ലഹള. നിർത്തു. നിർത്തു. ഞാൻ പറയുന്നതുകൂടി നിങ്ങൾ കേൾക്കണം. നിങ്ങളുടെ നൻമയല്ലാതെ, എനിക്ക് മറെറാരു ലക്ഷ്യമുണ്ടായിരുന്നില്ല. പക്ഷേ കാര്യങ്ങൾ, നമ്മുടെ കഷ്ടപ്പാടുകൾ ഇരട്ടിപ്പിക്കുകയാണ് ചെയ്തത്. (ബഹളം)

ആന ചിന്നം വിളിക്കുന്നു. നിർത്തിൻകൂട്ടരെ!
നമ്മുടെ പ്രശ്നങ്ങളെ കുറിച്ച് കൂടുതൽ പറയാൻ കഴിയുന്ന ഒരാൾ വന്നിട്ടുണ്ട്. ഇതാ പ്രൊഫസർ ചിമ്പാൻസി.
ചിമ്പൻ അടയാളം കാണിക്കുന്നു. (നിശബ്ദത).
ജന്തുജീവിതത്തെപററി പഠിക്കാൻ ഇദ്ദേഹം വിദേശത്തായിരുന്നു.

ചിമ്പൻ: നിങ്ങളുടെ പഴയചിമ്പൻ തന്നെ. ഈ കാട്ടിലെ മാററം എന്നെ ഞെട്ടിപ്പിച്ചു. നമ്മുടെ കെമ്പൻചേട്ടനിൽ നിന്ന് ഞാൻ കാര്യങ്ങൾ എല്ലാംഅറിഞ്ഞു നമ്മൾക്ക സംഭവിച്ച ഈ ദുരിതത്തിന് കാരണം ഒരു ചെറിയ നിയമമാണ്. (ചോദ്യം) ഏതുനിയമം?

ചിമ്പൻ: 'മൃഗഹത്യാനിരോധനനിയമം'
അതുകൊണ്ട് എന്താ? നമ്മുടെ ഭക്ഷ്യശൃംഖല തകരാറിലായി.

ആട്: ഭക്ഷ്യശൃംഖലയോ? പച്ചപ്പുല്ലാണോ?

ചിമ്പൻ: അല്ലടോ ഭക്ഷണചങ്ങല അതായത്ത് നാം പുല്ലു തിന്നുന്നു. നമ്മിൽ ചിലരെപുലിതിന്നുന്നു. പുലിയും നമ്മളും ഒക്കെ ചത്തുചീഞ്ഞാൽ പുല്ലിനും ചെടികൾക്കും വളമാകുന്നു. പുലികളും മററു മാംസഭുക്കുകളും ഇല്ലാതായപ്പോൾ ആടുകളുടേയും മാനുകളുടേയും ഒക്കെ എണ്ണം എന്തെന്നില്ലാതെ പെരുകി.പുല്ലെല്ലാം തീർന്നു. പ്രകൃതിയിൽ എല്ലാററിനും അതിൻെറ സ്ഥാനമുണ്ട്.അത് മനസ്സിലാക്കാതെ ഓരോന്നുചെയ്താൽ എല്ലാ സന്തുലനവും തെററും ഒക്കെതകരാറാവും.

പോത്ത്: അതാശരി, ഈ ആടുകളും മാനുകളും കൂടി എല്ലാം പുല്ലും തിന്നുതീർത്തു.

ആട്: ഓ താൻവലിയന്യായമൊന്നുംപറയണ്ട-പെരുവയറൻ. (പോത്ത് ആടിനെ വെട്ടാൻ പോകുന്നു. ആന പോത്തിൻെറ പിന്നാലെ-അതിനിടയിൽപെട്ട് മുയൽ അമറുന്നു – പരസ്പരം വഴക്കടിച്ച് എല്ലാവരും നശിക്കുന്നു.)

ചിമ്പൻ: ചങ്ങലയിലെ എല്ലാ കണ്ണികളും ഒരേപോലെ പ്രധാനമാണ്, നിങ്ങളെങ്കിലും അത് മനസ്സിലാക്കണം.

# 2

## അബുഹസനും ഭാര്യയും

### രംഗം ഒന്ന്

നറേററർ: പണ്ട് പണ്ട് ഹാറൂൺ അൽ റഷീദ് എന്ന ഖലീഫ ബാഗ്ദാദ് ഭരിച്ചിരുന്ന കാലത്തു് അദ്ദേഹത്തിൻെറ കൊട്ടാരം വിദൂഷകനായിരുന്നു അബുഹസ്സൻ. അദ്ദേഹത്തിൻെറ ഭാര്യയായിരുന്നു നൗഷത്തോരം അബുഹസ്സൻ കിട്ടുന്ന പണമെല്ലാം സുഹൃത്തുക്കളെ സന്തോഷിപ്പിയ്ക്കാൻ ചെലവഴിച്ചിരുന്നു. ഇതറിയാമായിരുന്ന ഫലിതപ്രിയനായ ഖലീഫ അബുഹസ്സനെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ പലപ്പോഴും അബുഹസ്സൻെറ ഈ സ്വഭാവം മൂലം പണത്തിനു് ആവശ്യം നേരിട്ടിരുന്നു. വീട്ടിൽ ഭക്ഷണത്തിനു് പോലും ബുദ്ധിമുട്ടി. ഒരു പുണ്യനാളിൽ അബുഹസ്സനു് ഭാര്യ മോശമായ പ്രാതൽ ഒരുക്കി ..... അന്നു്........(അബുഹസ്സനും നൗഷത്തോളും രംഗത്തു്)

അബു: ഇന്നു് നല്ലൊരു ദിവസമായിട്ടും നീ എന്തു ചവറാ എനിക്കു് തിന്നാൻ തരുന്നതു്? ഇതു് നായ് പോലും തിന്നില്ലല്ലോ.

നൗഷ: എൻെറ പൊന്നേ എനിക്കിതേ ഉണ്ടാക്കാൻ പററൂ. അഞ്ചുകൊല്ലം സുഖമായി കഴിയാനുള്ളതു് രാജാവു് തന്നതല്ലേ? അതു മുഴവൻ നിങ്ങാം കൂട്ടുകാരെ സന്തോഷിപ്പിയ്ക്കാനായി വാരിക്കോരി ചിലവഴിച്ചില്ലേ? അങ്ങിനെ എല്ലാം നശിപ്പിച്ചില്ലേ?

അബ്ദു: നശിപ്പിച്ചോ? എടീ എന്തിനാടീ പണം പെട്ടിയിൽ വെച്ച് പൂട്ടാനോ, അതോ കൂട്ടുകാരോടൊപ്പം സന്തോഷമായി ചിലവാക്കാനോ? പണം ചെലവാക്കാൻ വേറെ വഴിയൊന്നും എനിയ്ക്കറിഞ്ഞുകൂടാ,

നൗഷ: എന്നാലേ ഇങ്ങനെയിനി എത്ര നാരം പട്ടിണി കിടക്കാം.

അബ്ദു: എടീ നമുക്കൊരു സൂത്രം പ്രയോഗിയ്ക്കാം, രാജ്ഞിയുടെ അടുത്തു ചെന്ന് നിൻെറ ഭർത്താവ് മയ്യത്തായെന്നും കബറടക്കാൻ കാശില്ലെന്നും പറയണം.

(നൗഷത്തോരം കരയുന്നു.)

അബ്ദു: കരയാതെടീ ഞാൻ മരിയ്ക്കുന്നില്ല. മരിച്ചെന്ന് രാജ്ഞിയെ ധരിപ്പിച്ചാൽ മതി.

നൗഷ: ആ........... അം.

അബ്ദു: നമുക്കതൊന്ന് റിഹേഴ്സൽ ചെയ്യുനോക്കാം. നീ കരയു– ഞാൻ രാജ്ഞിയായി നില്ക്കാം.

നൗഷ: (കരയുന്നു)

അബ്ദു: അങ്ങനെ അങ്ങനെ ആ. ഇനി ഞാൻ രാജാവിൻെറയടുത്തു ചെന്ന് നീ മയ്യത്തായെന്നും പറഞ്ഞ് കരയാം (അബു കരയുന്നു) എങ്ങിനെയുണ്ട്?

നൗഷ: ഉഗ്രൻ

അബ്ദു: എന്നാൽ നീ ധൈര്യമായി പോ.... നീ വന്നിട്ട് ഞാൻ പോകാം പണം ഇവിടെ വരുമെടീ.

നൗഷ: നിങ്ങളുടെയൊരപാരബുദ്ധി.

## രംഗം രണ്ട്

നറേ: അങ്ങനെ രാജാവിൽനിന്നും രാജ്ഞിയിൽനിന്നും പണവുമായി ഇരുവരും തിരിച്ചെത്തി. അതേ സമയം കൊട്ടാരത്തിൽരാജാവും രാജ്ഞിയുമായി തർക്കമായി.

(നറേററർ പോയി രാജാവും രാജ്ഞിയും പ്രത്യക്ഷപ്പെടുന്നു.)

രാജാ: അല്ല അബുവല്ല മരിച്ചത്. നൗഷത്തോളാണ്

രാജ്ഞി: വിഡ്ഢിത്തം പറയരുത് മരച്ചത് അബുവാണ്.

രാജാ: അല്ല നൗഷത്തോളാണ്. അബുവിന് നാം പണംകൊടുത്തത് അവളെ കബറടക്കാനാ—നമുക്ക് നല്ല ഓർമ്മയുണ്ട്.

രാജ്ഞി: അല്ലല്ല അബുവാണ് മരിച്ചത്. മയ്യത്തടക്കാനുള്ള പണം അവൾക്ക് ഞാനല്ലെ കൊടുത്തത്.

രാജാ: അബുവാണ് മരിച്ചതെങ്കിൽ നാം നിനക്ക് ആയിരം പവൻ സമ്മാനം തരും

രാജ്ഞി: സമ്മതിച്ചു നൗഷത്തോളാണ് മരിച്ചതെങ്കിൽ ഞാനങ്ങേയ്ക്കും സമ്മാനം തരാം.

രാജാ: പന്തയം?

രാജ്ഞി: പന്തയം........

രാജാ: ആരവിടെ?

ഭടൻ: അടിയൻ........

രാജാ: നീ അബുഹസൻെറ വീട്ടിൽ ചെന്ന് ആരാണ് മരിച്ചതെന്ന് അറിഞ്ഞു വരിക.

ഭടൻ: ഉത്തരവ്

(ഭടൻ പുറത്തേക്കും രാജാവകത്തേക്കും പോകുന്നു)

രാജ്ഞി: കബില....കബില....(കബില വരുന്നു.) നീ പോയി അബുവാണോ നൗഷത്തോളാണോ മരിച്ചതെന്ന് അറിഞ്ഞു വരിക.

## രംഗം മൂന്ന്

(അബുവിൻെറ വീട്ട് ആഹ്ലാദപ്രകടനത്തിൻെറ തുടർച്ച പുറത്ത് കുളമ്പടി ശബ്ദം)

അബു: എടീ രാജഭടൻ അലി വരുന്നു നീ മരിച്ചതുപോലെ കിടക്ക്.

ഭടൻ: അബുഹസ്സൻ ഞാൻ വന്നതു് താങ്കളോ താങ്കളുടെ ഭാര്യയോ ആരാണ് മരിച്ചതെന്നു് അറിയാനാണ്. കൊട്ടാരത്തിൽ രാജാവും രാജ്ഞിയും തമ്മിൽ വലിയ തർക്കത്തിലാണ്.

അബു: സംശയമെന്താ ദാ നോക്കണം എൻെറ........ നൗഷത്തോരം പോയി എനിക്കിനിയാരുമില്ല.

ഭടൻ: സംശയമില്ല—രാജാവിനായിരം പവൻ ലാഭം.

(ഭടൻ പോകുന്നു നൗഷത്തോരം ഉണരുന്നു.)

നൗഷ: (പുറത്തു പോയി നോക്കി) റബ്ബേ ചതിച്ചോ രാജ്ഞിയുടെ തോഴി വരുന്നു കബില.

അബു: നീ പേടിയ്ക്കാതെ – ഞാൻ ചത്തതുപോലെ കിടക്കാം നീ കരഞ്ഞു കൊണ്ടിരുന്നോ.

കബി: ഞാൻ വന്നതു് ആരാണ് മയ്യത്തായതെന്ന് അറിയാനാ – രാജ്ഞി പറഞ്ഞയച്ചതാ

നൗഷ: നോക്കിക്കേ എൻെറ കെട്ടിയോൻെറ കിടപ്പ് എൻെറ റബ്ബേ

കബി: നീ കരയാതെ എല്ലാം വിധിയാണ് വിവരം ഞാൻ രാജ്ഞിയോട്ട് പോയി പറയാം

(കബില പോകുന്നു.)

രണ്ടുപേരും ഓ രക്ഷപ്പെട്ടു

നൗഷ: എനിക്ക് പേടിയാവുന്നു, സത്യം രാജാവെങ്ങാനുമറിഞ്ഞാൽ തീർന്നു

അബു: നീ പേടിയ്ക്കാതെ ഏതിനും വഴിയുണ്ടാക്കാനല്ലെ ഈ തല?

(പുറത്താരവം)

നൗഷ: (അബുവോടൊപ്പം പുറത്തേക്ക നോക്കി) പടച്ചവനേ രാജാവും രജ്ഞിയും (രണ്ടുപേരും മരിച്ചതുപോലെ കിടക്കുന്നു. രാജാവും രാജ്ഞിയും പ്രവേശിക്കുന്നു)

രാജാ: കഷ്ടം രണ്ടു പേരും മരിച്ചു... .... എനിക്കിതു് മനസ്സിലാകുന്നില്ല. ആരാ ആദ്യം മരിച്ചതു്? നൗഷത്തോളാവും, ഭാര്യമരിച്ച ദുഃഖത്തിൽ അയാളും മരിച്ചതാവും.

രാജ്ഞി: അല്ലല്ല അബ്ബുവാണാദ്യം മരിച്ചത്. ഭർത്താവ് മരിച്ച ദുഃഖത്തിൽ അവൾ ഹൃദയം തകർന്ന് മരിച്ചതായിരിക്കും.

രാജാ: അല്ല നൗഷത്തോളാണ് തർക്കിയ്ക്കുന്നു.

രാജാ: നൗഷത്തോളാണ് ആദ്യം മരിച്ചതെന്ന് തെളിയിയ്ക്കുന്നയാൾക്ക് ഞാനായിരം പവൻ നൽകും.

രാജ്ഞി: അബുവാണാദ്യം മരിച്ചതെന്ന് തെളിയിയ്ക്കുന്നയാൾക്ക് ഞാനായിരത്തഞ്ഞൂറ് പവൻ നൽകും.

അബു; (എഴുന്നേൽക്കുന്നു) ആദ്യം മരിച്ചത് ഞാനാണ് സമ്മാനത്തുക എനിയ്ക്ക് തരണേ— ദാരിദ്ര്യം കൊണ്ട് ചെയ്തതാണേ

നൗഷ; തിരുമേനി അദ്ദേഹത്തെ ശിക്ഷിയ്ക്കരുതെ എന്നെ കൊന്നോളൂ.

രാജാ: ആരായാലും രണ്ടുപേരും മരിച്ചില്ലല്ലോ എനിക്ക് സന്തോഷമായി. റാണി നാം തമ്മിൽ പന്തയം വെച്ച തുക ഇവർക്ക് സമ്മാനമായി കൊടുക്കാം. അബുഹസ്സൻ നിങ്ങൾ നാളെ രാവിലെ കൊട്ടാരത്തിലെത്തുക — റാണീ നമുക്ക പോകാം.

---

# 3

# പൊട്ടക്കിണററിലെ തവള

(കാടിൻെറ അന്തരീക്ഷം)

ഒരു കിണർ. പശ്ചാത്തലത്തിൽ വിവിധ പക്ഷികളുടെ ശബ്ദം ക്രമേണകുറഞ്ഞുവരുമ്പോഠം തവള വന്നു. ചാടിനടന്ന ശേഷം മറയുന്നു. പാമ്പുവരുന്നു. കിണററിലേക്ക് പോകുന്നു. കുറച്ചുകഴിഞ്ഞ് രാജകുമാരിയെ അന്വേഷിച്ചുകൊണ്ട് തോഴിയുടെ വിളി.

തോഴി: കുമാരീ....

(രാജകുമാരി വരുന്നു. പാവയെ കൊഞ്ചിക്കുന്നു)

രാജകുമാരി: എൻെറ സ്വർണ്ണപ്പാവയല്ലേ? എൻെറ സുന്ദരിക്കുട്ടിക്ക് കാട്ട് കാണണ്ടേ? നോക്കൂ,ഒരു മാൻ, അതാഒരു കുരങ്ങ്ചാടുന്നു....എന്തിനാ കരയുന്നത്? പേടിച്ചോ!

(കിണർ ശ്രദ്ധിക്കുന്നു. അതിനടുത്തേക്കു പോകുന്നു)

ഇതു കണ്ടോ കിണർ! ഞാൻ നിനക്കു കിണർ കാണിച്ചുതരാം. എന്തൊരാഴം. കണ്ടോ? നിന്നെപ്പോലൊരു സുന്ദരിക്കുട്ടി കിണററിൽ! കണ്ടോ! നോക്കിക്കേ....

(അറിയാതെ പാവ കിണററിൽ വീഴുന്നു)

അയ്യോ....എൻെറ പാവക്കുട്ടി പോയേ! സ്വർണ്ണപ്പാവ! തോഴീ....ഓടിവായോ....പാവ....

തോഴി: (വരുന്നു) എന്തുപററീ, കുമാരീ?

കുമാരി: എൻെറ സ്വർണ്ണപ്പാവ....ഈ കിണററിൽ വീണു.

തവളയുടെ വരവ്—ക്രോം....ക്രോം....

പോ തവളേ പോ....എൻെറ സ്വർണ്ണപ്പാവ....അച്ഛൻ സമ്മാനിച്ച സ്വർണ്ണപ്പാവ....

തവള: ക്രോം....ക്രോം

കുമാരി: ഈ തവളയോടു പോകാനല്ലേ പറഞ്ഞത്? പോ.... മരമണ്ടൂസൻ പോത്തൻ തവളേ....

തോഴി: കുമാരീ....ആ തവളയെ പിണക്കണ്ട. അതിന് നമ്മെ സഹായിക്കാനാവും. (രഹസ്യം പറയുന്നു)

കുമാരി: അതു ശരിയാണല്ലോ.......എന്റെ പൊന്നുതവളേ എന്നെ ഒന്നു സഹായിക്കാമോ? എന്റെ പാവ ഈ കിണററിൽ പോയി. നിനക്കാണെങ്കിൽ എളുപ്പമാണല്ലോ എടുക്കാൻ. അത് എടുത്തുതാ....

തവള: ഞാനതു് എടുത്തു തന്നാൽ നീ എനിക്കെന്തുതരും?

കുമാരി: നിനക്കൊരു രത്നമാല തരാം.

തവള: കഴുത്തില്ലാത്ത എനിക്കെന്തിനാ മാല....ക്രോം....

തോഴി: നിനക്കെന്തു വേണം? എന്തു വേണെങ്കിലും കുമാരി തരും....

തവള: ക്രോം. ക്രോം?

തോഴി: തരും....

തവള: ഞാനാവശ്യപ്പെടുന്നതു് സാധിച്ചുതരാമെന്നു കുമാരി സത്യം ചെയ്താൽ പാവയെ ഞാനെടുത്തുതരാം.

കുമാരി: തരാം....സത്യം....സത്യം....

(കുമാരി തോഴിയോടു രഹസ്യം പറയുന്നു)

ഒരു തവള കൂടുതലായി എന്താവശ്യപ്പെടാൻ?

(തവളയോട്) വേഗം പാവയെ എടുത്തു തരൂ....

(തവള കിണററിലേക്കു ചാടുന്നു....തോഴിയും കുമാരിയും ശ്രദ്ധിക്കുന്നു. കിണററിൽ ബഹളം....പെട്ടെന്നു തവള കരഞ്ഞുകൊണ്ടു് ചാടിവന്നു തോഴിക്കു പിന്നിലൊളിക്കുന്നു.)

തോഴി: എന്താ....എന്തു പററി....?

(പാമ്പ് കിണററിൽ നിന്നും പ്രത്യക്ഷപ്പെടുന്നു)

പാമ്പ്: എവിടെ...അവനെവിടെ....എന്റെ സാമ്രാജ്യത്തിൽ എന്റെ അനുവാദമില്ലാതെ.......(ചീററുന്നു)

തോഴി: (പേടിച്ചുകൊണ്ട്) രാജകുമാരിയുടെ പാവ കിണററിൽ വീണു .. അതു തരണം.

പാമ്പ്; ഈ കിണററിൽ വീഴുന്നതെന്തും എന്റെതാണ്....ഹ ....ഹ....

കുമാരി: (പേടിച്ച്) കടിക്കുമോ?

പാമ്പ്: എനിക്ക് ആരോടും പകയില്ല. എനിക്കിരകിട്ടണം.

കുമാരി: നീ അഹങ്കരിക്കേണ്ട... എന്റെ അച്ഛൻ രാജാവാണ്.

പാമ്പ്: രാജാവിന്റെ അധികാരം നാട്ടിൽ....ഇവിടെ എന്റെതാണ് ...എവിടെ എന്റെ ഇര....?

(തവളയെ അന്വേഷിക്കുന്നു.....പോകുന്നു.)

കുമാരി: (തവളയോട്) ചാട്.......എന്റെ പാവയെ എടുത്തു താ....

തവള: അയ്യോ ..അവൻ വീണ്ടും വന്നാലോ....?

കുമാരി: നീയിത്ര പൊണ്ണനായിട്ടും പേടിയോ....?

തവള: എനിക്കവനെ പേടിയൊന്നുമില്ല....ഞാൻ വേണമെങ്കിൽ അവനെ വിഴുങ്ങുമായിരുന്നു....പക്ഷെ പാരമ്പര്യത്തിനു നിരക്കാത്തതുകൊണ്ടാ....

കുമാരി: എങ്കിൽ ചാട്....പാവയെ എടുക്ക്....

(തവള ചാടുന്നു. പാമ്പ് തിരിച്ചുവരുന്നു....തവള പാവയുമായി വരുന്നു)

തരൂ....എന്റെ പാവ തരൂ....എനിക്ക് കൊട്ടാരത്തിലെത്താൻ സമയമായി....

തവള: തരാം.... പക്ഷെ എനിക്കെന്തൊണ് വേണ്ടതെന്നു നീ ചോദിച്ചില്ലല്ലോ.

തോഴി: അതു ശരിയാ....പാവയെ എടുത്തു തന്നാൽ....കുമാരി വാക്കുകൊടുത്തതല്ലേ?

കുമാരി: എന്നാൽ പറഞ്ഞു തുലയ്ക്ക്....നിനക്കെന്തുകുന്തമാണു വേണ്ടതു്.

തവള: എനിക്ക് കൊട്ടാരത്തിലെ സ്വർണ്ണത്തളികയിലുണ്ണണം....നിൻെറ തലയിണയിലുറങ്ങണം

കുമാരി: ഛീ....വൃത്തികെട്ട തവളേ..അവൻെറ ഒരു ആഗ്രഹം.! നീ രാജാവിൻെറ മകളോടാണ് സംസാരിക്കുന്നതെന്നോർമ്മ വേണം.

തവള: ഇതു നല്ല സ്വഭാവമല്ല കുമാരീ....വാക്കു പാലിക്കണം....

കുമാരി: നിൻെറ ആഗ്രഹം ഇതാണെന്നു ഞാനറിഞ്ഞോ?

തവള: കുമാരി നേരത്തെ എന്നോടു ചോദിച്ചില്ലല്ലോ....

കുമാരി; ഛീ. നിർത്തു. നിൻെറ വായാടിത്തം. നീ പാവയെ തരുന്നുണ്ടോ?

തവള: നീ വാക്കു പാലിക്കുന്നുണ്ടോ....

കുമാരി: നിന്നെ ഞാൻ....
(വടിയെടുത്തു തവളയെ തല്ലുന്നു)

തോഴി: അരുതു കുമാരീ....അടിക്കരുതു്
(തടയുന്നു... പാവയെ കൈക്കലാക്കി കുമാരി ഓടുന്നു തോഴി തവളയെ ആശ്വസിപ്പിക്കുന്നു. തവള ഞരങ്ങുന്നു.)

## രംഗം രണ്ട്

(കൊട്ടാരം. രാജാവിൻെറ ഭക്ഷണമുറി. രാജാവ് പ്രവേശിക്കുന്നു.)

രാജാ: എവിടെ കുമാരീ....ആരവിടെ?

പരിചാ: അടിയൻ

രാജാ: എവിടെ... കുമാരീ....
(കുമാരി പാവയുമായി വരുന്നു.)

നീ പാവയോടൊപ്പം കളിച്ച്, ഭക്ഷണം പോലും വേണ്ടെന്നായോ മോളേ....?

കുമാരി: എനിക്കീ പാവയെ എന്തിഷ്ടമാണെന്നോ, അച്ഛാ....! (ഭക്ഷണത്തിനൊരുങ്ങുന്നു. മണി മുഴങ്ങുന്നു.)

ഭടൻ; അങ്ങയെ കാണാൻ ഒരു തവള കാത്തുനില്ക്കുന്നു.

രാജാവ്: ങേ....തവളയോ....? എന്താ നിനക്കൊരു പരിഭ്രമം?

കുമാരി: ഒന്നുമില്ല.

രാജാ: വരാൻ പറയൂ.... (തവള വന്നു) എന്താണ് നിനക്ക് ബോധിപ്പിക്കാനുള്ളത്?

തവള; പ്രഭോ, അങ്ങയുടെ മകൾ എന്നോട് ഒരു സത്യം ചെയ്തിരുന്നു. അതനുസരിച്ച് വന്നതാണ്. (കുമാരി രാജാവിനോട് രഹസ്യം പറയുന്നു)

രാജാ: അപ്പോൾ അതാണല്ലേ കാര്യം? മകളേ....നാം വാക്ക പാലിക്കണം....(തവളയോട്) നിന്റെ ആഗ്രഹം സാധിച്ചുതരാം.

കുമാരി; അയ്യോ അച്ഛാ! ആ വൃത്തികെട്ട ജന്തുവിനെ എന്റെ തളികയിൽ ഉണ്ണാൻ അനുവദിക്കരുതെ....

രാജാ: ഒരു ജീവിയും വൃത്തികെട്ടതല്ല മോളേ ...വിവേകബുദ്ധിയുള്ള നാം ഈ പ്രകൃതിയിലെ എല്ലാ ജീവികളെയും സ്നേഹിക്കണം........വരൂ....ഭക്ഷിക്കൂ.... (തവള ഭക്ഷിക്കുന്നു)

തവള: ഇനി എനിക്കുറങ്ങണം....എവിടെ കുമാരിയുടെ തലയിണ.?

കുമാരി: അച്ഛാ....

രാജാ: സാരമില്ല മോളേ....വരൂ.... (തവളയുമായി പോകുന്നു)

## രംഗം മൂന്ന്

തോഴി: കുമാരീ....

ഭടൻ: തിരുമേനീ.... (രാജകുമാരീ വരുന്നു)

തോഴി: അതിശയം തന്നെ അതിശയം

കുമാരി: എന്താണ്?

തോഴി: ഇന്നലത്തെ തവള ഇന്നൊരു രാജകുമാരൻ

കുമാരി: നീയെന്താണീ പറയുന്നത്..നിനക്ക് വട്ടുപിടിച്ചോ?

തോഴി: സത്യമാണ് കുമാരീ....ഇന്നലെ കുമാരിയുടെ തലയിണയിലുറങ്ങിയ തവള ഇന്ന് അതി സുന്ദരനായ ഒരു രാജകുമാരൻ

കുമാരി: ങേ....ഞാനൊന്നു പോയി നോക്കട്ടെ.

(പോവുന്നു. രാജാവും ഭടനും വരുന്നു )

രാജാ: ഇതൊരത്ഭുതം തന്നെ. സുന്ദരനായ ഒരു കുമാരൻ.

ഭടൻ: പ്രഭോ....അതാ കുമാരൻ ഇങ്ങോട്ടുവരുന്നു.

രാജാ: വരൂ... കുമാരാ....വരൂ....

(രാജകുമാരനും തോഴിയും കുമാരിയും വരുന്നു)

കുമാരൻ: പ്രഭോ! എനിക്കൊരു ശാപമുണ്ടായിരുന്നു. അങ്ങനെയാണ് ഞാനൊരു തവളയായത്. ഒരു കൊട്ടാരത്തിൽ ഉണ്ണുകയും ഉറങ്ങുകയും ചെയ്താൽ എനിക്കെന്റെ രൂപം തിരിച്ചുകിട്ടും. അങ്ങയുടെ കാരുണ്യത്താൽ എനിക്ക് ശാപമോക്ഷം കിട്ടി. ഇനി എൻെറ രാജ്യത്തേക്കു തിരിച്ചുപോകാൻ അവിടുന്നനുവദിച്ചാലും....

കുമാരി: അച്ഛാ....അദ്ദേഹത്തോട് പോകരുതെന്നു പറയൂ.... എനിക്ക് അദ്ദേഹത്തെ........

രാജാ: കുമാരാ! വിരോധമില്ലെങ്കിൽ എൻെറ മകളെ സ്വീകരിച്ചാലും.

കുമാരൻ: ഇല്ല... സഹജീവികളെ സ്നേഹിക്കാത്ത ഒരാളെ സ്വീകരിക്കാൻ നിവർത്തിയില്ല....ക്ഷമിക്കണം! അങ്ങയ്ക്ക് വിരോധമില്ലെങ്കിൽ തോഴിയെ എനിക്കിഷ്ടമാണ്.

രാജാ: കുമാരൻെറ ഇഷ്ടംപോലെ....ആരവിടെ....വിവാഹത്തിനുള്ള ഏർപ്പാടുകൾ ചെയ്യൂ....

(കുമാരി പോവുന്നു....ഭടന്മാർ വിവാഹവേദി ഒരുക്കുന്നു. വിവാഹചടങ്ങുകൾ)

---

# 4

## യുറീക്കാ

### രംഗം ഒന്ന്

(അഭിനേതാക്കൾ എല്ലാവരും ഒററവരിയായി വന്ന് സ്റേജിന്റ് വിലങ്ങനെ ഒരു വരിയായി നിന്ന് കോറസ് ആയി പറയുന്നു.)

സിറാക്യൂസ് 2200 കൊല്ലം മുമ്പ് ഹൈറോൺ രാജാവിൻെറ കൊട്ടാരം. അതാ പീഠത്തിന്മേൽ അതിമനോഹരമായ ഒരു കിരീടം. ഇപ്പോൾ പണിതീർത്ത് കൊണ്ടുവന്നിട്ടേയുള്ളു.

(ഒരാൾ മാറി രാജാവാകുന്നു. മററുള്ളവർ മന്ത്രി, വിദൂഷകൻ, ശില്പി എന്നിവരും)

വിദൂ:1 ഹായ്.... എന്തൊരു തിളക്കം........! കണ്ണു മഞ്ഞളിക്കുന്നു....! തനിത്തങ്കത്തിൻെറ തിളക്കം....

രാജാ: പണി നന്നായിട്ടുണ്ട്, അല്ലേ മന്ത്രീ ...

മന്ത്രി: അതെ തിരുമേനി....സ്വർണ്ണത്തിലെഴുതിയ കവിത..!

വിദൂ:2 പൊന്നുതിരുമേനീയുടെ പൊന്നു ശിരസ്സ്.... പൊന്നു കിരീടം.... ഹാ....ഹാ ...

ശില്പി: അടിയൻ മനസ്സുവെച്ചു ചെയ്തതാണേ....!

വിദൂ:1 അദ്ദേഹം അങ്ങനെയേ ചെയ്യൂ....

വിദൂ:2 അതെയതെ.... മനസ്സങ്ങു സർണ്ണത്തിൽ ഇഴുകിച്ചേർന്നു കിടക്കയല്ലേ....?

രാജാ: ഈ സൃഷ്ടി നമുക്കിഷ്ടമായി....

ശില്പി: അടിയൻെറ ഭാഗ്യം....!

വിദൂ:1 മഹാരാജാവിൻെറ സന്മനസ്സ്....അഹോ....

രാജാ: എനിക്കൊരു സംശയം....!

ശില്പി: എന്താണാവോ....?

രാജാ: നാം നല്കിയ സ്വർണ്ണം മുഴുവൻ കിരീടത്തിനുപയോഗിച്ചിരിക്കുമോ....?

ശില്പി: ഒരു പണത്തൂക്കം പോലും കുറയില്ല തിരുമേനീ.... വേണമെങ്കിൽ തൂക്കി നോക്കാമല്ലോ....?

രാജാ: തൂക്കത്തിൻെറയല്ല, മാററിൻെറ കാര്യമാണ് പറഞ്ഞത്....

മന്ത്രി: ശരിയാണ്....സ്വർണ്ണത്തിൽ ചെമ്പു ചേർക്കാമല്ലോ....!

വിദൂ:1 ശില്പി അങ്ങനെ ചെയ്യുമോ....?

വിദൂ:2 ചക്കരക്കുടത്തിൽ കൈയിട്ടാൽ നക്കാതിരിക്കുമോ ഹേ....!

ശില്പി: അങ്ങനെ പറയരുതേ....സ്വന്തം ചോറിൽ അടിയൻ....

വിദൂ:1 കേട്ടില്ലേ....? അയാളം അങ്ങനെ ചെയ്യുന്ന കൂട്ടത്തിലല്ല....?

വിദൂ:2 പാവം....!

രാജാ: പക്ഷെ നാം അതെങ്ങനെ ബോധ്യപ്പെടും....?

ശില്പി: മാററു നോക്കാമല്ലോ....

രാജാ: സുന്ദരമായ ഈ കലാസൃഷ്ടിയിൽ പോറൽ വീഴ്ത്തുകയോ....? വേണ്ട....

മന്ത്രി: അല്ലാതെ മാററിൻെറ കാര്യം എങ്ങനെ ബോധ്യപ്പെടും....?

രാജാ: അതാണ് നാം ആലോചിക്കുന്നത്....ആരവിടെ....?

ഭടൻ: അടിയൻ....

രാജാ: ശില്പിയെ നമ്മുടെ വിശ്രമാലയത്തിലേക്ക് കൊണ്ടു പോകൂ....

(കൊണ്ടു പോകുന്നു)

വിദൂ:1 ശില്പി കള്ളം പറയുമോ....?

വിദൂ:2 സത്യത്തിന്റെ മാററുരച്ചു നോക്കാനുള്ള കല്ലുണ്ടോ തന്റെ പക്കൽ....?

രാജാ: ഒരു വഴി കണ്ടെത്തിയേ തീരൂ.... മന്ത്രി.... താങ്കൾ നിശ്ശബ്ദനായതെന്താണ്....?

മന്ത്രി: ഒരു വഴി തോന്നുന്നുണ്ട്.... ആക്മെഡിസ് വിചാരിച്ചാൽ....

രാജാ: ഓ ആർക്കമിഡിസ്....നാമദ്ദേഹത്തെ മറന്നതെന്താ?.. ആരവിടെ....?

ഭടൻ: അടിയൻ

രാജാ: ജോതിശ്ശാസ്ത്രപണ്ഡിതനായ ആക്മെഡിസിനെ ആനയിക്കൂ....

ഭടൻ: ഉത്തരവ്....

വിദൂ:1 ആരാണീ ആക്മെഡിസ്....? തട്ടാനാണോ....?

വിദൂ:2 അറിയില്ലേ ആക്മെഡിസ്....

വിദൂ:1 അയാളും സ്വർണ്ണവും തമ്മിലുള്ള ബന്ധം....?

വിദൂ:2 അതുമറിയില്ലേ....? ശാസ്ത്രജ്ഞനാണ്....

മന്ത്രി: വിഡ്ഢികളെ.... മിണ്ടാതിരിക്കിൻ.... ആക്മെഡിസ് എത്തിപ്പോയി....

ആർക്ക: (പ്രവേശിച്ച്) ഹൈറോൺ മഹാരാജാവ് നീണാൾ വാഴട്ടെ....

രാജാ: ആക്മെഡിസിനു സ്വാഗതം.... സുഖമല്ലേ....?

ആർക്ക: അവിടുത്തെ കാരുണ്യം കൊണ്ട്.

രാജാ: നാം പണിയിച്ച ഈ സ്വർണ്ണകിരീടത്തിൽ മായം ചേർന്നിട്ടുണ്ടോ എന്നറിയണം.... പക്ഷെ ഒരു കാര്യം കിരീടത്തിൽ ഒരു പോറൽ പോലും ഏല്ക്കരുത്....

ആർക്ക: തിരുമേനീ.... ഒരാഴ്ചത്തെ സമയമനുവദിക്കണം....

രാജാ: ശരി എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മന്ത്രിയെ അറിയിക്കണം.... കേട്ടല്ലോ....

മന്ത്രി: ഉത്തരവ്....

രാജാ: ആർക്കമിഡീസ്.... താങ്കൾക്കതു കഴിഞ്ഞില്ലെങ്കിൽ....

ആർക്ക: മനസ്സിലായി

എല്ലാവ: മഹാരാജാവ് നീണാൾ വാഴട്ടെ....

(രാജാവ് പോകുന്നു)

വിദൂ: 1 ഇക്കുറി ആർക്കമിഡീസിൻെറ തലപോകുന്ന കാര്യമാണ്....

വിദൂ :2 എല്ലാററിനും തലയാണല്ലോ കാര്യം ....

വിദൂ: 1 പക്ഷെ അയാളെന്തു ചെയ്യാൻ....?

വിദൂ: 2 എന്തെങ്കിലും ചെയ്യാതിരിക്കില്ല.... തനിക്കറിയാമോ....? ഇതിനേക്കാൾ പ്രയാസമേറിയ കാര്യങ്ങൾ പലതും അദ്ദേഹം ചെയ്തിട്ടുണ്ട്.

വിദൂ: 1 നേരോ ....?

വിദൂ: 2 പിന്നല്ലാതെ.... അന്നൊരിക്കൽ അദ്ദേഹം ഒററക്ക് ഒരു വലിയ കപ്പൽ കടലിൽ നിന്നു പൊക്കിയെടുത്തു....

വിദൂ: 1 ശക്തിയുണ്ടോ അദ്ദേഹത്തിനു്

വിദൂ: 2 ശക്തിയല്ല....ബുദ്ധിയാണ് അതു് സാധ്യമാക്കിയതു്

വിദൂ: 1 ഞാനതു കേട്ടിട്ടില്ലല്ലോ....

വിദൂ: 2 താനെന്താണു പിന്നെ കേട്ടിട്ടുള്ളതു്....ങ്ങ.... പറയാം.. ആർക്കമിഡീസ് കരയിൽ അസംഖ്യം കപ്പികൾ കെട്ടിത്തൂക്കി....അവയിലൂടെച്ചുററിയെടുത്തകയറിൻെറ, ഒരററം കപ്പലിൽ കെട്ടി. കയറിൻെറ മറേറ അററം പിടിച്ചു. പിന്നെ കയർ പതുക്കെയങ്ങനെ വലിക്കാൻ തുടങ്ങി.... പിന്നെ കുറെക്കൂടി ശക്തിയിൽ....

അപ്പോഴതാ കപ്പൽ പൊങ്ങിപ്പൊങ്ങി വരുന്നു....!

വിദൂ: 1 നേരോ....?

വിദൂ: 2 അാ .... ജനങ്ങൾ അന്തംവിട്ടു പോയി....

വിദൂ: 1 അപ്പോൾ ആക്മെഡിസ് എന്തെങ്കിലും ചെയ്യും അല്ലേ....?

വിദൂ: 2 എന്താ, തനിക്കൊരു വല്ലായ്മ....! ങേ....?

വിദൂ: 1 ഒന്നുമില്ല.... വാ....പോകാം....

(പോകുന്നു)

**രംഗം രണ്ട്**

വിദൂ: 1 എടോ! ആറു ദിവസം കഴിഞ്ഞല്ലോ....നാളെ തന്റെ ആക്മെഡിസിന്റെ തല എവിടെയാകുമോ,ആവോ?

വിദൂ: 2 എന്താ ഹേ അങ്ങനെ പറയാൻ....?

വിദൂ: 1 നാളെയല്ലേ ഒരാഴ്ച തികയുന്നതു്....? അയാൾക്കിതു വരെ ഒന്നും കണ്ടുപിടിക്കാനായിട്ടില്ല....പാവം!

വിദൂ: 2 ഒരാഴ്ചയായി ഭ്രാന്തനെപ്പോലെയാണു നടപ്പ്.... ഊണില്ല....ഉറക്കമില്ല....

വിദൂ: 1 എന്നാ തല വീണതു തന്നെ....ങും....

വിദൂ: 2 എനിക്കൊരു സംശയം.... പണ്ഡിതനായ ആക്മെഡിസിന്റെ തല ഈയൊരു കാര്യത്തിനുവേണ്ടി, കൊയ്യുമോ? റോമാസൈന്യത്തിന്റെ മുന്നേററം തടയാൻകഴിഞ്ഞതു് ആക്മെഡിസുണ്ടാക്കിയ യന്ത്രക്കവെണകളുപയോഗിച്ചാണ്.... അതു തിരുമേനി മറക്കുമോ?

വിദൂ: 1 മഹാരാജാവിനു കോപം വന്നാൽ പണ്ഡിതനെന്നുണ്ടോ, പാമരനെന്നുണ്ടോ?

വിദൂ: 2 അതല്ല, മഹാരാജാവിനു കോപം വരുകയും അതു തീക്കാനായി മററാരുടെയെങ്കിലും തല....ഉദാഹരണത്തിനു് തന്റെ തല.... വെട്ടിയിട്ടു കോപം തീർക്കുകയും ചെയ്താലോ....?

വിദൂ: 1 ങേ...., എന്താ പറഞ്ഞതു്...., എന്റെ തലയോ...

വിദൂ 2 എന്താ ചെയ്താൽ..

വിദൂ: 1 ഈശ്വരനാണെ, നിന്നാണെ, ഞാൻ നാളെ കൊട്ടാരത്തിലേക്കില്ല...

വിദൂ: 2 പേടിക്കാതെടോ.... ഞാനൊരു തമാശ പറഞ്ഞതല്ലേ ണ്ടേ....

രംഗം മൂന്ന്

(പശ്ചാത്തലത്തിൽ)

ആർക്ക: യൂറീക്കാ.... യൂറീക്കാ....

രാജാ; ആർക്കമിഡിസ് താങ്കളെന്താണ് ഓടികിതച്ചു വരുന്നതു്....

ആർക്ക: കണ്ടെത്തി പ്രഭോ....കിരീടത്തിൽ മായം ചേർത്തിട്ടുണ്ടോ എന്നു് അടിയൻ തെളിയിക്കാം....

രാജാ: ആക്മിഡിസ്, താങ്കൾക്ക് പരിസരബോധം നഷ്ടപ്പെട്ടപോലെ തോന്നുന്നു.... താങ്കൾ വസ്ത്രം ധരിച്ചിട്ടില്ലല്ലോ....

ആർക്ക: ക്ഷമിക്കണം പ്രഭോ....കുളിക്കാനായി വെള്ളം നിറച്ച പാത്രത്തിലിരുന്നപ്പോഴാണ് അടിയൻ വഴി കണ്ടെത്തിയതു്....

രാജാ: അപ്പോഴെല്ലാം മറന്നു, അല്ലേ....ശരി വസ്ത്രങ്ങൾ ധരിച്ചു.... കാര്യഗൃഹത്തിലേക്ക വരൂ....

(രംഗത്ത്)

ആർക്ക: പ്രഭോ, നമ്മൾ കിരീടത്തിൻെറ അത്ര തൂക്കമുള്ള ഒരു സ്വർണ്ണക്കട്ടി എടുത്ത് പാത്രത്തിലെ വെള്ളത്തിലിട്ടപ്പോൾ അതിലെ ജലനിരപ്പ് വക്കുവരെ വന്നു, കവിഞ്ഞൊഴുകിയില്ല.

രാജാ: അത് നാം കണ്ടതാണ്

ആർക്ക: കിരീടത്തിൽ എവിടെയും. ഉള്ള് പൊള്ളയില്ല എന്നാണല്ലോ ശില്പിപറഞ്ഞത്.

രാജാ: അതേ

ആർക്ക: അപ്പോൾ അത് തനിസ്വർണ്ണമായിരുന്നെങ്കിൽ സ്വർണ്ണക്കട്ടിമാററി അതിട്ടാലും വെള്ളം വക്ക്വരെ മാത്രമെ

ഉയരാൻ പററുമായിരുന്നുള്ളു. പക്ഷേ വെള്ളം പാത്രം കവിഞ്ഞ് ഒഴുകി.

രാജാ: അതിൻെറ അർത്ഥം....?

ആർക്ക: കിരീടം ശുദ്ധമായ സ്വർണ്ണമല്ല....

ശില്പി: കള്ളം....കള്ളം....ഇയാരം മാന്ത്രികനാണ്....

വിദൂ: 1 ശില്പി കള്ളനോ....?

വിദൂ: 2 ആർക്കമിഡിസ് പറഞ്ഞതു് കേട്ടില്ലേ....

രാജാ: ശില്പിക്കെന്തെങ്കിലും ...പറയാനുണ്ടോ ?

ശില്പി: ക്ഷമിക്കണം, പ്രഭോ ! ആരോപണത്തിന് അടിസ്ഥാനം വേണ്ടേ....?

രാജാ: അടിസ്ഥാനമില്ലെന്നാണോ?

ശില്പി: അതെ....ആർക്കമിഡിസിനോട് ചില കാര്യങ്ങരം ചോദിക്കാൻ അനുവദിക്കണം....

രാജാ: അനുവദിച്ചിരിക്കുന്നു....

ശില്പി: ആർക്കമിഡിസ്, താങ്കളുടെ ചെപ്പടിവിദ്യ കൊള്ളാം' കിരീടത്തിന് സ്വർണ്ണക്കട്ടിയെക്കാരം വലിപ്പമുണ്ട് അതുകൊണ്ടല്ലേ കൂടുതൽ ജലം പുറത്തേക്കൊഴുകിയതു്?

ആർക്ക: അപ്പോരം കിരീടം തീർത്തതു് കട്ടിസ്വർണ്ണത്താലല്ലെന്നുണ്ടോ?

ശില്പി; അസംബന്ധം....കട്ടിസ്വർണ്ണമാണതു്....

ആർക്ക: അതിനു പൊള്ളയായ ഭാഗങ്ങളൊന്നുമില്ലല്ലോ?

ശില്പി: തീർച്ചയായുമില്ല....എല്ലാ ഭാഗവും കട്ടിസ്വർണ്ണം തന്നെ

ആർക്ക: തങ്കക്കട്ടി അടിച്ചുപരത്തി താങ്കരം കിരീടത്തിൻെറ രൂപത്തിലാക്കി....ഒട്ടും സ്വർണ്ണം നഷ്ടപ്പെടാതെ, അല്ലേ ...?

ശില്പി: അതെ.,

ആർക്ക: അപ്പോഠ ഈ കിരീടം വീണ്ടും തങ്കക്കട്ടിയാക്കിയാൽ ആദ്യത്തെ തങ്കക്കട്ടിയുടെ വലുപ്പമല്ലേ ഉണ്ടാവുക?

ശില്പി: അതെ....അതേ വലുപ്പംഉണ്ടാകണം....എങ്കിലും അതു കൊണ്ട് മായം ചേർത്തുവെന്നു പറയുന്നതെങ്ങനെ?

ആർക്ക: ങ...ഇനിയും ബോധ്യമായില്ലേ....എങ്കിൽ ഞാനൊന്നു ചോദിക്കട്ടെ....ഒരു തൂക്കം സ്വർണ്ണക്കട്ടിയും ഒരു തൂക്കം ചെമ്പുകട്ടിയും എടുത്താൽ ഏതിനാണ് വലുപ്പം കൂടുതൽ....?

ശില്പി: തീർച്ചയായും ചെമ്പിൻ കട്ടിയ്ക്കാവും.

ആർക്ക: അരത്തൂക്കം സ്വർണ്ണവും അരത്തൂക്കം ചെമ്പും ചേർത്തുണ്ടാക്കിയ ഒരു ലോഹമുണ്ടെന്നു വയ്ക്കുക....അതിനാണോ തികച്ചും ഒരു തൂക്കം സ്വർണ്ണക്കട്ടിക്കാണോ വലുപ്പം കൂടുതലുണ്ടാവുക....?

ശില്പി: അത്....ചെമ്പു ചേർത്ത സ്വർണ്ണത്തിനായിരിക്കും...

ആർക്ക: അതു തന്നെയാണിവിടെയും സംഭവിച്ചത്....മഹാരാജാവേ, ശില്പി ശുദ്ധമായ സ്വർണ്ണത്തിൽ ചെമ്പു കലർത്തിയിരിക്കുന്നു.

ശില്പി: ഈ നിറവും തിളക്കവുമൊക്കെ എങ്ങനെയുണ്ടാവും?

ആർക്ക: നിറവും തിളക്കവുമുണ്ടാക്കാൻ എന്തൊക്കെ വിദ്യകളുണ്ടെന്ന് സ്വർണ്ണപ്പണിക്കാരനായ നിങ്ങഠക്ക് ഞാൻ പറഞ്ഞു തരേണ്ടതില്ലല്ലോ....മഹാരാജാവേ.....ദ്രവ്യത്തിൻെറ അതായത് ഇതാ ഈ കിരീടത്തിൻെറ ചെമ്പും സ്വർണ്ണവും കലർന്നിട്ടുള്ള ലോഹസങ്കരത്തിൻെറ വ്യാപ്തം അതേ തൂക്കത്തിലുള്ള ശുദ്ധമായ സ്വർണ്ണത്തിൻെറ വ്യാപ്തത്തേക്കാഠ കൂടുതലാണ്. അതുകൊണ്ടാണ് കൂടുതൽ ജലം കവിഞ്ഞൊഴുകിയത്.

(ജനങ്ങളുടെ ബഹളം)

വിദൂ: 2 അതാണ് ശാസ്ത്രം...

വിദൂ; 1 വ്യാഘ്രം..ത്തുക്കം...എനിക്കു തല കറങ്ങുന്നു...

രാജാ: ആക്മെഡിസ്, താങ്കൾ പറഞ്ഞതു് നമുക്കു ബോധ്യപ്പെട്ടിരിക്കുന്നു..

മന്ത്രി: ശില്പി! സത്യം തുറന്നു പറയുക..താങ്കൾ കിരീടത്തിലെ സ്വർണ്ണത്തിൽ ചെമ്പു കലർത്തിയിട്ടുണ്ടോ.?

ശില്പി: അയ്യോ..! അടിയന് അങ്ങനെയൊരു കൈപ്പിഴ പററിപ്പോയി തിരുമേനീ..

രാജാ; അതു് ആദ്യം പറയാമായിരുന്നു..ഈ ശില്പിയെ ബന്ധനസ്ഥനാക്കുക..നാളെ പ്രഭാതത്തിൽ നമ്മുടെ പ്രധാനവീഥിയിൽ പൗരമുഖ്യന്മാരും വണിക്കുകളും മഹാജനങ്ങളും എത്തിച്ചേരുക..അവിടെവച്ച് സത്യം മറച്ചുപിടിച്ച ശില്പിയുടെ രണ്ടു കൈകളും വെട്ടിക്കളയുക.

ശില്പി: പ്രഭോ.. അടിയൻ.. മാപ്പ്..

രാജാ: ഇല്ല. മായം ചേർക്കുന്നതു് എത്ര ലഘുവായാലും അതിനുള്ള ശിക്ഷ എങ്ങനെയായിരിക്കുമെന്ന് എല്ലാവരുമറിയട്ടെ.

ശില്പി: മാപ്പ്..

രാജാ; ഈ ഹൈറോൺ ഒരിക്കലെടുത്ത തീരുമാനം മാററില്ല. ഉം.. കൊണ്ടുപോകൂ.

ഭടൻ: ഉത്തരവ്...

രാജാ: ആക്മെഡിസ്, താങ്കളുടെ കഴിവിൽ ഈ രാജ്യത്തിന്റെ ഭരണാധിപനായ നാം അഭിമാനിക്കുന്നു...താങ്കൾ ഈ സമ്മാനം സ്വീകരിക്കുക..

ആർക്ക: അവിടുത്തെ കാരുണ്യം...

രാജാ: സഭക്ക് പിരിയാം...

എല്ലാവരും: മഹാരാജാവ് നീണാൾ വാഴട്ടെ...

ബാലോത്സവജാഥ

1986 ആഗസ്റ്റ് 1-15

കൊടകുളം – തൃശൂർ
മടിക്കൈ – തൃശൂർ